**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 170** **01-02-2023 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | (എ) | **മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ വിവിധ അവയവങ്ങൾക്കായി പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.**<br><br>**വൃക്ക - 2249**<br><br>**കരൾ -765**<br><br>**ഹൃദയം - 62**<br><br>**ശ്വാസകോശം - 4**<br><br>**പാൻക്രിയാസ് - 11**<br><br>**ചെറുകുടൽ -4** |
| (ബി) | മൃതസഞ്ജീവനി പദ്ധതി സജീവമാക്കുവാനും അവയവ ദാനം സുതാര്യമാക്കുവാനും ഈ രംഗത്തെ ചൂഷണവും അവയവ കച്ചവടവും ഇല്ലാതാക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | **അവയവദാനവും അവയവ കൈമാറ്റവും കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത് 1955 ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന അവയവദാന രജിസ്ട്രി തയ്യാറായി വരുന്നുണ്ട്. ഈ രജിസ്ട്രി നിലവിൽ വരുന്നതോടെ ഈ പദ്ധതി മുഖേനയുള്ള അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുന്നതാണ്. അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിലേക്കായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് 26.06.2022 ലെ സ.ഉ.(സാധാ) നം.1522/2022/ആകുവ പ്രകാരം 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ 1994 ലെ മനുഷ്യാവയവ കൈമാറ്റ നിയമത്തിന്റെ കീഴിൽ അപ്രോപ്രിയേറ്റ് അതോറിറ്റിയായി നിയമിച്ചും കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ ഓഫീസ് അപ്രോപ്രിയേറ്റ് അതോറിറ്റിയുടെ ഓഫീസായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയും 18.06.2022 ലെ സ.ഉ. (അച്ചടി) നം.24/2022/ആകുവ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയവമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, അവയവ കച്ചവടം, മനുഷ്യാവയവ കൈമാറ്റ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം എന്നിവയെക്കുറിച്ചുള്ള പരാതി അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ അപ്രോപ്രിയേറ്റ് അതോറിറ്റിയ്ക്ക് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ